**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **10-06-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ മാതൃക അങ്കണവാടി കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ 51-ാം നമ്പർ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14.11.2023-ൽ വനിത ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | (ബി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14.11.2023 ൽ വനിത ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ടി അങ്കണവാടിയുടെ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികൾക്കായി 17,32,000/- രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി 11.03.2024 ൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തി പദ്ധതി രൂപീകരിച്ച് ഡിപിസി അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | (സി) പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, ജില്ല വനിത ശിശു വികസന ഓഫീസർക്കും, പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും വനിത ശിശു വികസന കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ